**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **12-03-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ ഇതുവരെ ആലത്തൂർ, എരിമയൂർ, വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | എരിമയൂർ, പഞ്ചായത്തിൽ 2018-19 ൽ ആരംഭിച്ച കേരഗ്രാമത്തിൽ ഒന്നാം വർഷം 160 ഹെക്ടർ സ്ഥലത്തു 28000 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും, അതിൽ രാസവളങ്ങളും, ജൈവ വളങ്ങളും സസ്യസംരക്ഷണ മാർഗ്ഗങ്ങൾ എന്നിവയും, ജലസേചനത്തിനായി 20 മോട്ടോർ പമ്പ്സെറ്റുകൾ, 24 തെങ്ങുകയറ്റ യന്ത്രങ്ങൾ, 4ജൈവവള യൂണിറ്റുകൾ എന്നിവ നൽകി. കൂടാതെ ഒരു കേരസമിതിയും രൂപീകരിച്ച് 30.137 ലക്ഷം രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷം (2019-20) കേരഗ്രാമ പദ്ധതി പ്രകാരം 28000 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും, ജൈവവളം, ഇടവിള കൃഷിക്കുള്ള സഹായം, കേരസമിതിക്കുള്ള ധന സഹായം എന്നിവ നൽകി 12.8705 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം (2020-21) കേരഗ്രാമ പദ്ധതി പ്രകാരം 28000 എണ്ണം തെങ്ങുകൾക്ക് രാസവളങ്ങളും, ജൈവ വളങ്ങളും എന്നിവ നൽകി 4.004 ലക്ഷം രൂപ ചെലവഴിച്ചു.<br><br>ആലത്തൂർ, പഞ്ചായത്തിൽ 2018-19 ൽ ആരംഭിച്ച കേരഗ്രാമത്തിൽ ഒന്നാം വർഷം 90 ഹെക്ടർ സ്ഥലത്തു 15750 തെങ്ങുകൾക്ക് തടം തുറക്കുകയും അതിൽ രാസവളങ്ങളും, ജൈവ വളങ്ങളും സസ്യസംരക്ഷണ മാർഗ്ഗങ്ങൾ എന്നിവയും, ജലസേചനത്തിനായി 20 മോട്ടോർ പമ്പ്സെറ്റുകൾ, 24 തെങ്ങുകയറ്റ യന്ത്രങ്ങൾ 4 ജൈവവള യൂണിറ്റുകൾ എന്നിവ നൽകി. കൂടാതെ ഒരു ചകിരിച്ചോർ കമ്പോസ്റ്റ് യൂണിറ്റ് എന്നിവ നടപ്പിലാക്കി 17.693 ലക്ഷം രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം |

| | | | |
|---|---|---|---|
| | | | വർഷം (2019-20) കേരഗ്രാമ പദ്ധതി പ്രകാരം 15750 തെങ്ങുകൾക്ക് തടം തുറക്കുകയും ജൈവവളം. ഇടവിള കൃഷിക്കുള്ള സഹായം എന്നിവ നൽകി 7.138 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം (2020-21) കേരഗ്രാമ പദ്ധതി പ്രകാരം 15750 എണ്ണം തെങ്ങുകൾക്ക് രാസവളങ്ങളും, ജൈവ വളങ്ങളും എന്നിവ നൽകി 2.46 ലക്ഷം രൂപ ചെലവഴിച്ചു.<br><br>2022-23 ൽ ആരംഭിച്ച വണ്ടാഴി കേരഗ്രാമത്തിൽ ഒന്നാം വർഷം 100 ഹെക്ടർ സ്ഥലത്തു 17500 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും അതിൽ രാസവളങ്ങളും, ജൈവ വളങ്ങളും നൽകുകയും, ജലസേചനം കുറവുള്ള സ്ഥലത്ത് 33 മോട്ടോർ പമ്പ്സെറ്റുകൾ, 25 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ നൽകി 22.88246 ലക്ഷം രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷം കേരഗ്രാമ പദ്ധതി പ്രകാരം 17500 എണ്ണം തെങ്ങുകൾക്ക് കുമ്മായം, ഡോളോമൈറ്റ്, ജൈവവളം, സൂക്ഷ്മമൂലകങ്ങൾ എന്നിവ നൽകി 8.00 ലക്ഷം രൂപ ചെലവഴിച്ചു.<br><br>കിഴക്കഞ്ചേരി പഞ്ചായത്തിൽ 2024-25 വർഷത്തിൽ കേരഗ്രാമം പദ്ധതി അനുവദിക്കുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.<br><br>ആലത്തൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിലൂടെ തെങ്ങിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (സി) | ആലത്തൂർ മണ്ഡലത്തിൽ മേലാർക്കോട്, കുഴൽമന്ദം തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ ആണ് പദ്ധതി നടപ്പിലാക്കാത്തത്. മാനദണ്ഡങ്ങൾ പാലിച്ചു വരും വർഷങ്ങളിൽ ഈ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ